LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പ പലിശയിളവ് സ്കീം

30 (7327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ വായ്പാ പലിശ സബ്സിഡി പദ്ധതി നിലവിൽ വരുന്ന പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശയിളവ് സ്കീം പ്രകാരം ജില്ലാ കളക്ടറേറ്റുകളിൽ അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് വായ്പ എടുത്ത ബാങ്കുകളെ സമീപിക്കുന്നതിനായി ആവശ്യമായ സമയം അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതിനും മുഴുവൻ അപേക്ഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2014 ജൂലൈ മാസം 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ, പലിശ സബ്സിഡിക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 30-6-2014 മുതൽ മൂന്ന് മാസത്തേക്കുകൂടി ദീർഘിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പ

31 (7328) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡിയായി നൽകാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിലെ എത്ര കുട്ടികൾക്ക് സബ്സിഡി നൽകാനായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഇനത്തിൽ ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 31-3-2014 വരെ കളക്ടർമാരിൽനിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശിപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽനിന്നും ലഭിച്ച ശിപാർശകൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) വയനാട് ജില്ലയിൽ 8 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകരുടെ പ്രൊപ്പോസൽ കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഇനത്തിൽ വയനാട് ജില്ലയിൽ 2,60,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. താലൂക്ക് തലങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

32 (T7329) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രാമവികസന വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) 2014-15 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

നീർത്തട പരിപാലന പദ്ധതികൾ

33 (7330) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന നീർത്തട പരിപാലന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ ; പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly